**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി പ്രിയ വി-യുടെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.2122/ 2016/തസ്വഭവ തീയതി, തിരുവനന്തപുരം, 14/7/2016

---

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 21.12.2013 & 9.3.2016 ലെ ഇ 5-18594/11 നമ്പർ കത്തുകൾ

2) ശ്രീമതി പ്രിയ വി-യുടെ 16.10.2015 ലെ ശൂന്യവേതനാവധിയപേക്ഷകൾ

### <u>ഉത്തരവ്</u>

കോഴിക്കോട് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി പ്രിയ വി സേവനത്തിൽ നിന്നും അനധികൃതമായി വിട്ട് നിന്ന 04.04.2007 മുതൽ 03.02.2011 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും 04.02.2011 മുതൽ 02.10.2011 വരെയുള്ള കാലയളവ് വ്യക്തിപരമായ ആവശ്യത്തിന് ശൂന്യവേതനാവധിയായും ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 ലെ 21.12.2013 ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി പ്രിയ വി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സെൻഷർ എന്ന ശിക്ഷ നല്കി അച്ചടക്ക നടപടി തീർപ്പാക്കിയതിന് ശേഷം ടി ഹാജരില്ലായ്മക്കാലയളവ് ക്രമീകരിയ്ക്കുന്നതിന് സർക്കാരിൽ പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിയ്ക്കുകയുണ്ടായി. സർക്കാർ നിർദ്ദേശപ്രകാരം അപൂർണ്ണമായ അവധി അപേക്ഷകൾക്ക് പകരം പരാമർശം 2 പ്രകാരം പുതുക്കിയ അവധിയപേക്ഷകൾ പരാമർശം 1 ലെ 09.03.16 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിയ്ക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ കാലയളവുകളിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ലാത്തതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കുവാൻ നിർവ്വാഹമില്ല. അതിനാൽ കോഴിക്കോട് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി പ്രിയ വി സേവനത്തിൽ നിന്നും അനധികൃതമായി വിട്ട് നിന്ന 04.04.2007 മുതൽ 02.10.2011 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നി

ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി പ്രിയ വി , മുൻ സീനിയർ ക്ലാർക്ക്, ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ധനവകുപ്പ് ( 20.05.2016 ലെ ഇ-226143/ആർബി2/16/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ. (328/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ